**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3594** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൂൺഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കൂൺഗ്രാമം പദ്ധതി പ്രകാരം കർഷകർക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കൂൺ ഗ്രാമം.<br><br>11.25 ലക്ഷം രൂപ ചെലവിൽ 100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ, 4.00 ലക്ഷം രൂപ ചെലവിൽ 2 വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ, 2.00 ലക്ഷം രൂപ ചെലവിൽ 1 കൂൺ വിത്തുൽപ്പാദന യൂണിറ്റ്, 3.00 ലക്ഷം രൂപ ചെലവിൽ 3 കൂൺ സംസ്കരണ യൂണിറ്റുകൾ, 4.00 ലക്ഷം രൂപ ചെലവിൽ 2 പായ്ക്ക് ഹൗസുകൾ, 5.00 ലക്ഷം രൂപ ചെലവിൽ 10 കമ്പോസ്റ്റ് ഉൽപ്പാദന യൂണിറ്റുകൾ എന്നിവ ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം. പരിശീലന പരിപാടികൾക്കായുള്ള 1 ലക്ഷം രൂപ ഉൾപ്പടെ ആകെ 30.25 ലക്ഷം രൂപയാണ് ഒരു കൂൺ ഗ്രാമത്തിനായി ചെലഴിക്കുന്നത്. സംസ്ഥാനത്ത് ഇത്തരം 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്. ഇതിൽ ഒരു കൂൺ ഗ്രാമം പട്ടികജാതി-പട്ടികവർഗ വിഭാഗത്തിനായി മാറ്റിവെച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | കൂൺ ഗ്രാമം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി കാർഷിക ബ്ലോക്കിലെയും പേരാവൂർ കാർഷിക ബ്ലോക്കിലെയും പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കൂത്തുപറമ്പ് മണ്ഡലത്തിൽ കൂൺഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കൂൺ ഗ്രാമം പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൂത്തുപറമ്പ് മണ്ഡലത്തെ ഉൾപ്പെടുത്തിയിട്ടില്ല. തുടർന്നു വരുന്ന ഘട്ടങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂത്തുപറമ്പ് മണ്ഡലത്തെ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ